പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2550 12.6.2018 -ൽ മറുപടിയ്ക്ക്

## ടൂറിസം റഗുലേറ്ററി അതോറിറ്റി

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത് : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) | |
|---|---|---|---|
| എ) | സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിലെത്തുന്ന സന്ദർശകർ പലവിധത്തിലുള്ള ചൂഷണങ്ങൾക്ക് വിധേയരാകുന്നുവെന്ന പരാതി ലഭിച്ചിട്ടുണ്ടോ ; | എ) | പരാതി ലഭിച്ചിട്ടില്ലെങ്കിലും ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ടൂറിസം റഗുലേറ്ററി അതോറിറ്റി നിലവിൽ വരുന്നതോടുകൂടി ടൂറിസം മേഖലയിൽ എന്തൊക്കെ മാറ്റങ്ങൾ കൊണ്ടുവരുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ ? | ബി) | ടൂറിസം മേഖലയെ കാര്യക്ഷമവും ചൂഷണ രഹിതവുമാക്കുന്നതിനായാണ് കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിന് സർക്കാർ വിഭാവനം ചെയ്യുന്നത്. ഈ മേഖലയിലെ എല്ലാ വിഭാഗങ്ങളേയും നിരീക്ഷിക്കാനുള്ള പരമോന്നത സംവിധാനമായി ഇത് പ്രവർത്തിക്കും. വ്യത്യസ്ത ടൂറിസം മേഖലകളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കാനുള്ള അധികാരം അതോറിറ്റിക്കുണ്ടാകും. വിനോദസഞ്ചാരികൾക്ക് ഉണ്ടാകുന്ന ദുരനുഭവങ്ങൾക്ക് ഉടനടി പരിഹാരം എത്തിക്കാനും സുസ്ഥിരവും കാര്യക്ഷമവുമായ ടൂറിസം വികസനം സാധ്യമാക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു. കൂടാതെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ദുഷ്പ്രവണതകൾക്കെതിരെ ഇടപെടാൻ അതോറിറ്റിക്ക് പൂർണ്ണ അധികാരമുണ്ടാകുന്നതുകൊണ്ട് ഗുണപരമായ മാറ്റം ടൂറിസം മേഖലയിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ